**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *154 — 03.10.2016 ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. എം.എം. മണി<br>,, കെ.ഡി. പ്രസേനൻ<br>,, കെ. കെ. രാമചന്ദ്രൻ നായർ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങളുടെ അപര്യാപ്തതകൊണ്ട് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്ന സാധാരണക്കാരെ സ്വകാര്യ ആശുപത്രികളിലെ അമിതമായ ചികിത്സാ ചെലവ് കടക്കെണിയിലാഴ്ത്തുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. ഇക്കാര്യം കണക്കിലെടുത്ത് സർക്കാർ ആശുപത്രിയിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ലബോറട്ടറികൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടെയും കുറവ്, മരുന്നുകളുടെ അഭാവം, ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ പെരുമാറ്റം എന്നീ കാരണങ്ങളാണ് സാധാരണക്കാരെ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാൻ നിർബന്ധിതരാക്കുന്നതെന്നതിനാൽ അതു പരിഹരിക്കാനും അതോടൊപ്പം സ്വകാര്യ ആശുപത്രികളിലെ ചികിത്സാചെലവ് നിയന്ത്രിക്കാനും നടപടി സ്വീകരിക്കുമോ; | (ബി) | സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറി സൗകര്യങ്ങളും വികസിപ്പിക്കാനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്. അതോടൊപ്പം ഡോക്ടർമാരുടേയും പാരാമെഡിക്കൽ ജീവനക്കാരുടേയും ഒഴിവുകൾ നികത്താനുള്ള നടപടികളും ദ്രുതഗതിയിൽ ചെയ്തുവരുന്നുണ്ട്. വിവിധവിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ക്രമീകരിക്കാനും ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കാനുമുള്ള പ്രൊപ്പോസലുകളും തയ്യാറാക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ട്. ആശുപത്രികളിലേയ്ക്കുള്ള മരുന്നു ലഭ്യത കെ.എം.എസ്.സി.എൽ വഴി മുടക്കം കൂടാതെ ഉറപ്പു വരുത്തുന്നുണ്ട്. ഗവൺമെന്റ് പ്രഖ്യാപിച്ച് മിഷൻ മോഡിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളിൽ ഒന്ന് രോഗി സൗഹൃത ആശുപത്രികളാണ് (ആർദ്രം പദ്ധതി) ഈ പ്രോഗ്രാം നടപ്പിലാക്കുന്നതോടെ ആശുപത്രികളുടെ പ്രവർത്തനത്തിൽ ഗുണകരമായ വലിയ മാറ്റം വരുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ജീവനക്കാരുടെ പെരുമാറ്റം മെച്ചപ്പെടുത്താനായി വിവിധ വിഭാഗം ജീവനക്കാർക്ക് പരിശീലന പരിപാടികളും നടത്തിവരുന്നു. |

| | | | |
|---|---|---|---|
| (സി) | എല്ലാവർക്കും ഗുണനിലവാരമുള്ള ചികിത്സാ അവകാശം സാധ്യമാക്കുന്നതിന് വേണ്ട സുസ്ഥിര വികസന ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ഇവ നേടുന്നതിനായി എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നു; | (സി) | ജില്ല, താലൂക്ക്, ബ്ലോക്ക്, പഞ്ചായത്ത് തല ആരോഗ്യ സ്ഥാപനങ്ങളിൽ ഉണ്ടായിരിക്കേണ്ട മിനിമം ആരോഗ്യ സേവനങ്ങൾ അടിസ്ഥാനമാക്കി ഈ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ നടന്നു വരികയാണ്. യുണൈറ്റഡ് നേഷൻസിന്റെ സുസ്ഥിരവികസന ലക്ഷ്യങ്ങളെ (എസ്.ഡി.ജി) അടിസ്ഥാനമാക്കി സംസ്ഥാനത്ത് 2020 ഓടെയും 2030 ഓടെയും ആർജ്ജിക്കേണ്ട വികസനലക്ഷ്യങ്ങൾ തിട്ടപ്പെടുത്തുവാനും അതനുസരിച്ചുള്ള പ്രവർത്തനപരിപാടികൾക്ക് രൂപം നൽകാനുമുള്ള നടപടികൾ ആരോഗ്യവകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിനായി എസ്.എച്ച്.എസ്.ആർ.സി വഴി പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ഡി) | ഇതിനായി വികസന സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; ഈ ലക്ഷ്യം നേടുന്നതിന് വികസന സമിതികളുടെ പങ്കെന്താണെന്ന് അറിയിക്കാമോ? | (ഡി) | ഇതിനായി 19 വിദഗ്ധ സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സമിതികൾ ഓരോന്നും സംസ്ഥാനത്തെ അതാത് മേഖലയിലെ നിലവിലുള്ള സ്ഥിതിഗതികൾ തിട്ടപ്പെടുത്തുകയും, സംസ്ഥാനം 2020 ഓടെയും 2030 ഓടെയും ആർജ്ജിക്കേണ്ട ലക്ഷ്യങ്ങൾക്ക് രൂപം നൽകി വരികയും ചെയ്യുന്നു. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ പ്രവർത്തനപരിപാടികളുടെ രൂപരേഖ ഈ സമിതികൾ തയ്യാറാക്കുന്നതാണ്. ആരോഗ്യ വകുപ്പിൽ വിവിധ സ്കീമുകളുടെ ഭാഗമായി നടപ്പു സാമ്പത്തിക വർഷവും തുടർ വർഷങ്ങളിലും ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ